# PAMPADY EAST
# MARTH MARIAM CHERIAPALLY



**പാ**മ്പാടി വലിയപള്ളി ഇടവകക്കാരായ 31 ഗൃഹനാഥന്മാർ ചേർന്ന് 1914 ആഗസ്റ്റ് 10–ാം തീയതി രൂപം കൊടുത്ത ഒരു രജിസ്റ്റേറർഡ് ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ് ഈ പള്ളി സ്ഥാപിതമായത്. അന്ത്യോഖ്യായുടെ നി.വ.ദി.മ.മ.ശ്രീ. മോറാൻ മോർ അബ്ദേദാലോഹോ പാത്രിയർക്കീസ് ബാവായുടെ കീഴിൽ കോട്ടയം ഇടവകയുടെ ചുമതലകൂടി വഹിച്ചിരുന്ന മലങ്കരമെത്രാപ്പോലീത്ത പുണ്യശ്ലോകനായ പൗലൂസ് മാർ കൂറിലോസ് തിരുമേനിയാണ് പള്ളി സ്ഥാപനത്തിനുള്ള അനുവാദ കൽപ്പന നൽകി അനുഗ്രഹിച്ചത്. എഴുത്തുപള്ളി നടത്താൻ വേണ്ടി നിർമ്മിച്ച കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തിയെടുത്തതാണ് ആദ്യത്തെ ദേവാലയം. ഉടനെതന്നെ പള്ളിപണി ആരംഭിക്കുകയും 1916 മകരം 15–ാം തീയതി സ്ഥാപകവികാരി കടവുംഭാഗത്ത് ദിവ്യശ്രീ. അലക്സന്ത്രയോസ് കോറെപ്പിസ്കോപ്പ  പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു. തുടർന്ന് 1917–ൽ പള്ളിയുടെ വടക്കുവശത്ത് കാണുന്ന പള്ളിമേടയും പണികഴിപ്പിച്ചു. ശവക്കോട്ട അനുവദിച്ചു കിട്ടിയത് 1919ലാണ്. പ്രാരംഭഘട്ടത്തിൽ മാസത്തിൽ ഒരു ഞായറാഴ്ച മാത്രം ദിവ്യബലി അർപ്പിച്ചിരുന്നു. 1924 മുതൽ എല്ലാ ഞായറാഴ്ചയും ആരാധന നടത്തിവരുന്നു. 1926–ൽ പുണ്യശ്ലോകനായ മീഖായേൽ മാർ ദീവന്നാസ്യോസ് തിരുമേനി സ്ഥാനമേൽക്കുകയും അതേ വർഷം തന്നെ ഈ ദേവാലയത്തിൽ എഴുന്നള്ളുകയും ചെയ്തു. തിരുമനസ്സുകൊണ്ട് 1928 ഒക്ടോബർ 14–ാം തീയതി മറ്റത്തിൽ എം.റ്റി. തോമസ് കോറെപ്പിസ്കോപ്പായ്ക്ക് ഈ പള്ളിയിൽ വച്ച് ശെമ്മാശപട്ടം നൽകി. 1942 മേയ് 24 ന് മണർകാട് പള്ളിയിൽ വച്ച് ഇടവകാംഗമായ മാടപ്പാട്ട് ചാക്കോ ചാക്കോയെ ഇടവക പട്ടക്കാരനായി അഭിവന്ദ്യ മിഖായേൽ മാർ ദീവന്നാസ്യോസ് തിരുമേനി പട്ടം നൽകി. 1945 – ൽ കശ്ശീശയായും 1955–ൽ റമ്പാനായും അദ്ദേഹം സ്ഥാനമേറ്റു. 1975 –ൽ പരി. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ അദ്ദേഹത്തെ യാക്കോബ് മാർ യൂലിയോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. സിംഹാസന പള്ളികളുടെ മെത്രാപ്പോലീത്തയായി സേവനം അനുഷ്ഠിച്ച അഭിവന്ദ്യ പിതാവ് 1992 ജനുവരി 24–ന് കാലംചെയ്ത് മഞ്ഞനിക്കര ദയറായിൽ കബറടങ്ങിയിരിക്കുന്നു.

ഇന്ന് കാണുന്ന പുതിയ ദേവാലയത്തിന്റെ പണി ആരംഭിച്ചത് 1953–ലാണ്. 1964 ജനുവരി 15–ന് കോട്ടയം ഇടവകയുടെ പൗലോസ് മാർ പീലക്സീനോസ് തിരുമേനി (പിന്നീട് ശ്രേഷ്ഠം കാതോലിക്കാ) പുതിയപള്ളിയുടട കൂദാശാകർമ്മം നിർവ്വഹിച്ചു. തുടർന്ന് പഴയപള്ളി പൊളിച്ച് തെക്കുവശത്ത് സൺഡേസ്കൂൾ ഹാൾ പണിയുകയും പള്ളിയുടെ മുൻവശത്തുള്ള കുരിശിൻതൊട്ടി പൗലോസ് മാർ കൂറിലോസ് തിരുമേനിയുടെ നാമത്തിൽ നിർമ്മിക്കുകയും ചെയ്തു. സ്ഥാപക വികാരിയായിരുന്ന കടവുംഭാഗത്ത് അച്ചൻ പ്രായാധിക്യം മൂലം 1959–ൽ വികാരിസ്ഥാനത്തു നിന്നും വിരമിക്കുകയും പുത്തൻകുരിശ് പാടിയിൽ

അലക്സാണ്ടർ കത്തനാർ വികാരിസ്ഥാനമേൽക്കുകയും ചെയ്തു. അദ്ദേഹം 1961 ജൂണിൽ ഇവിടെ വച്ച് നിര്യാതനായി. 1966–ൽ സുവർണ്ണജൂബിലി സ്മാരകമായി പള്ളിക്കവലയിൽ ഗീവർഗീസ് സഹദായുടെ നാമത്തിൽ കുരിശിൻതൊട്ടി പണി കഴിപ്പിച്ചു. ഇടവകാംഗമായ കൊല്ലമ്പറമ്പിൽ കെ.സി. അന്ത്രയോസ് 1974–ൽ കശ്ശീശയായും 1977–ൽ ഈ പള്ളിയിൽ വച്ച് റമ്പാനായും സ്ഥാനമേറ്റു. 1974–ൽ സഭാരംഗത്തുണ്ടായ കോളിളക്കങ്ങൾ ഈ ഇടവകയേയും ബാധിക്കുകയും പ്രതിസന്ധി തന്ത്രപൂർവ്വം തരണം ചെയ്യുന്നതിനുവേണ്ടി പള്ളി കുറെനാൾ പൂട്ടി ഇടുകയും ചെയ്തു. പ്രത്യേക ചാപ്പലിലാണ് അക്കാലത്ത് ആരാധന നടത്തിയത്. ഈ ചാപ്പലിൽ വച്ചാണ് വെരി. റവ. കുര്യാക്കോസ് കോറെപ്പിസ്കോപ്പ മൂലയിൽ, റവ. ഫാ. മാത്യൂസ് കാവുങ്കൽ, റവ. ഫാ. മാത്യൂസ് ഇടത്തറ എന്നിവർക്ക് അഭിവന്ദ്യ പെരുമ്പള്ളി തിരുമേനി ശെമ്മാശുപട്ടം നൽകിയത്.

1984–ൽ 13 വീട്ടുകാർ പൊതുയോഗത്തിന്റെ അനുമതിയോടുകൂടി കാഞ്ഞിരപ്പാറ സിംഹാസനപള്ളി സ്ഥാപിച്ചു. പള്ളിക്കവലയിലുള്ള കുരിശിൻതൊട്ടിയിൽ വെള്ളിയാഴ്ച പ്രാർത്ഥന ആരംഭിച്ചത് അക്കൊല്ലമാണ്. 1988–89 വർഷം പ്ലാറ്റിനം ജൂബിലി വിവിധ പരിപാടികളോടുകൂടി ആഘോഷിച്ചു. സമാപനസമ്മേളനത്തിൽ വച്ച് പ്ലാറ്റിനം ജൂബിലി സ്മരണിക പ്രകാശനം ചെയ്തു. പ്ലാറ്റിനം ജൂബിലി സ്മാരകമായി നിർമ്മിക്കുന്ന പാരിഷ്ഹാളിന്റെ ശിലാസ്ഥാപനകർമ്മം ഇടവക മെത്രാപ്പോലീത്ത ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി 1989 മേയ് 14–ാം തീയതി നിർവ്വഹിച്ചു. അതേ വർഷം ആഗസ്റ്റ് 15–ാം തീയതി അഭിവന്ദ്യ യാക്കോബ് മാർ യൂലിയോസ് തിരുമേനി വി. കന്യകമറിയാമിന്റെ സൂനോറോ ഈ പള്ളിയിൽ സ്ഥാപിച്ചു. 1991–ൽ പാരിഷ്ഹാളിന്റെ ഒന്നാം ഘട്ടം പണി പൂർത്തിയാക്കുകയും പൊതുപരിപാടികൾക്കായി ഉപയോഗിച്ചു തുടങ്ങുകയും ചെയ്തു. വികാരി. ഫാ. കുര്യാക്കോസ് കിഴക്കേടത്ത്, സഹവികാരി ഫാ. തോമസ് പതിയാക്കൽ എന്നിവരാണ് പാരിഷ്ഹാൾ നിർമ്മാണത്തിന് നേതൃത്വം കൊടുത്തത്. ശേഷിച്ച പണികൾകൂടി തീർത്ത് 94 ജനുവരിയിലാണ് ഹാളിന്റെ കൂദാശാകർമ്മം നടന്നത്. 1995 ജനുവരി 29–ാം തീയതി ഫാ. ഏബ്രഹാം തടത്തിൽ അവർകൾക്ക് ഈ പള്ളിയിൽ വച്ച് കോറെപ്പിസ്കോപ്പ സ്ഥാനം ലഭിച്ചു. പള്ളി ഓഫീസ് കെട്ടിടത്തിന്റെ പണി 1998–ൽ തുടങ്ങി 2000 ത്തിൽ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. കൊടുമ്പൂരിൽ ഭാഗത്ത് അന്ത്രയോസ് റമ്പാൻ സംഭാവന ചെയ്ത സ്ഥലത്ത് 2002–ൽ ഒരു കുരിശ് സ്ഥാപിച്ചു.

പള്ളിയകവും പരിസരവും ഇന്ന് കാണുന്ന വിധത്തിൽ ഏറ്റവും കലാസുന്ദരമായി സംവിധാനം ചെയ്തത് 2002–2003 ലാണ്. അതിനു നേതൃത്വം കൊടുത്തത് വികാരി ഫാ. കുര്യാക്കോസ് മണലേൽച്ചിറ, സഹവികാരി ഫാ. തോമസ് ജയിംസ് കണ്ടമുണ്ടാരിൽ എന്നിവരാണ്. 1978 മുതൽ ഈ ഇടവകയിൽ നിന്നും മഞ്ഞനിക്കര തീർത്ഥയാത്ര നടത്തിയിരുന്നു. 1993 മുതലാണ് കിഴക്കൻ മേഖലകൾ കൂടി സഹകരിച്ച് വിപുലമായ രീതിയിൽ തീർത്ഥയാത്ര ആരംഭിച്ചത്. ഈ ദേവാലയത്തിന്റെ നവതിയാഘോഷ പരിപാടികൾ 2003 ആഗസ്റ്റ് 14 ന് അഭിവന്ദ്യ ജോസഫ് മാർ ഗ്രീഗോറിയോസ് തിരുമേനി, ഭവനനിർമ്മാണ പദ്ധതിയിലെ ആദ്യഭവനത്തിന്റെ താക്കോൽദാനം നിർവഹിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു. 2004 ജനുവരിയിൽ ഇടവ ഡയറക്ടറിയും ഭരണനടപടിക്രമവും പ്രസിദ്ധീകരിച്ചു.

നവതിസ്മാരകമന്ദിരത്തിന്റെ ശിലാസ്ഥാപനം ശ്രേഷ്ഠ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് 2004 ആഗസ്റ്റ് 16ന് നിർവ്വഹിച്ചു. യാക്കോബ് മാർ യൂലിയോസ് തിരുമേനിയുടെ സ്മാരകമായി കൊടുമ്പൂരിൽ ഭാഗത്ത് നിർമ്മിച്ച കുരിശിൻതൊട്ടിയുടെയും ശില്പഭംഗി ഒട്ടും നഷ്ടപ്പെടാതെ പുനരുദ്ധരിച്ച പഴയ പള്ളിമേടയുടെയും കൂദാശാകർമ്മം 2006 ജനുവരി 15, 16 തീയതികളിൽ കോട്ടയം ഇടവകയുടെ അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് തിരുമേനി നിർവ്വഹിച്ചു. നവതിസ്മാരക മന്ദിരത്തിന്റെ ഉദ്ഘാടനം 2006 ജൂൺ 25 ന് അഭിവന്ദ്യ യൂഹാനോൻ മാർ മിലീത്തിയോസ് തിരുമേനി നിർവ്വഹിച്ചു. അന്നേദിവസം ഇടവകാംഗമായ പുള്ളോലിക്കൽ ശ്രീ. ഷിബു മാത്യുവിന്റെ ഷെവലിയാർ സ്ഥാനലബ്ധതയിൽ അനുമോദനം അർപ്പിച്ചു. വികാരി ഫാ. മാത്യൂസ് കാവുങ്കൽ, സഹവികാരി ഫാ. ജോൺ പോത്താനിക്കൽ എന്നിവർ നവതിയാഘോഷ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പ്രാർത്ഥനായോഗം, സൺഡേസ്കൂൾ, മർത്തമറിയം വനിതാസമാജം, യൂത്ത് അസോസിയേഷൻ, ഹെയിൽ മേരിലീഗ് എന്നീ ആത്മീയ സംഘടനകളും സഭയിൽ അവ ആരംഭിച്ചകാലം മുതൽ ഇവിടെ സജീവമായി പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ വികാരിയായ ഫാ. കുര്യാക്കോസ് കടവുംഭാഗം, സഹവികാരിയായ ഫാ. ഉലഹന്നാൻ പാറപ്പാട്ട് എന്നിവർ ഇടവകയെ പുരോഗതിയിലേക്ക് നയിക്കുന്നു. 92 വർഷത്തെ അനുപമമായ ക്രിസ്തീയ കൂട്ടായ്മയുടെ അനുഗ്രഹങ്ങൾ അനുഭവിച്ച ഈ ഇടവക ആസന്നമായ ശതാബ്ദി ആഘോഷങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ദൈവകൃപയിൽ ആശ്രയിച്ച് മുന്നേറുന്നു.

*Source: Kottayam Diocese Souvenir, 2007*

syriacchurch.org